"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്-2020-21 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ(ഡി) വകുപ്പ്**

സ.ഉ.(കൈ) നം.24/2023/ID തീയതി,തിരുവനന്തപുരം, 26-03-2023

---

പരാമർശം:-

1. 05/08/2021-ലെ സ.ഉ(പി) നം.61/2021/തൊഴിൽ നമ്പർ ഉത്തരവ്
2. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 20/09/2022-ലെ സിൽക്ക്/എം.ഡി/സി.ഒ/2022/589, 15/11/2022-ലെ സിൽക്ക്/എം.ഡി/സി.ഒ/2022/680 എന്നീ നമ്പർ കത്തുകൾ

**ഉത്തരവ്**

മിനിമം ബോണസിന് പുറമേ മുൻ വർഷങ്ങളിൽ എക്സ്ഗ്രേഷ്യ നൽകി വന്നിരുന്നതുപോലെ 2020-21 സാമ്പത്തിക വർഷവും സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിലെ സ്ഥിരം ജീവനക്കാർക്ക് , എക്സ്ഗ്രേഷ്യ വിതരണം ചെയ്യണമെന്ന ട്രേഡ് യൂണിയനുകളുടെ ആവശ്യം സംബന്ധിച്ച് വിവിധ തലങ്ങളിൽ ചർച്ച നടന്നിരുന്നു. തുടർന്നുണ്ടായ ഒത്തു തീർപ്പിന്റെ അടിസ്ഥാനത്തിൽ സ്ഥിരം ജീവനക്കാർക്ക് ആർക്കും തന്നെ ബോണസിന് അർഹത ഇല്ലാത്തതിനാൽ ഉത്സവബത്തക്കു പുറമേ എക്സ്ഗ്രേഷ്യയായി 12500/- രൂപ വീതം സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിലെ സ്ഥിരം ജീവനക്കാർക്ക് വിതരണം ചെയ്ത നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (2)ലെ കത്തുകൾ പ്രകാരം സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ബോണസ് വിതരണം സംബന്ധിച്ച പരാമർശം (1)ലെ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ചു കൊണ്ട് 2020-21 സാമ്പത്തിക വർഷത്തിൽ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിലെ ജീവനക്കാർക്ക് 12,500/-രൂപാ വീതം എക്സ്ഗ്രേഷ്യയായി വിതരണം ചെയ്ത സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്,അത്താണി,തൃശ്ശൂർ

ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് (മാനേജിംഗ് ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ് II) , കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (E-1832427/PU-D2/75/2021-FIN dated 18/01/2023)

തൊഴിൽ വകുപ്പ് ( ഡി1/185/2022/തൊഴിൽ തീയതി 13/12/2022)

പൊതുഭരണ(എസ് സി) വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Divya Y V

Date: 27-03-2023 10:57:10

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-03-2023

ഫയൽ നം. ഡി2/159/2022-വ്യവ. ഇനം നം: 1440

വിഷയം : വ്യവസായ വകുപ്പ് - സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിലെ 2020-21 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

24/3/23

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി2/159/2022-വ്യവ |
| 2 | വകുപ്പ് | : | വ്യവസായ വകുപ്പ് |
| 3 | വിഷയം | : | വ്യവസായ വകുപ്പ് - സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിലെ 2020-21 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 08-03-2023 Note #38 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ. |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : | ഉണ്ട്. ഉണ്ട്. |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. എം. എ. റജീന ബീഗം |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയുടെ കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 14/3/2023 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി. പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി, | : | 15-03-2023 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 16/3/2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16/3/2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്

2020 – 21 സാമ്പത്തിക വർഷം സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിലെ ജീവനക്കാർക്ക് എക്സ്ഗ്രേഷ്യാ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നതാണ് ഈ കുറിപ്പിലെ വിഷയം.

2) 05.08.2021-ലെ സ.ഉ.(അച്ചടി)നം.61/2021/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ബോണസ് / എക്സ്ഗ്രേഷ്യാ വിതരണം ചെയ്യുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് 1994-95 സാമ്പത്തിക വർഷം മുതൽ കമ്പനിയിലെ അർഹരായ ജീവനക്കാർക്ക് മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച നിരക്കിലുള്ള ബോണസ് / എക്സ്ഗ്രേഷ്യ വിതരണം ചെയ്യുന്ന രീതി പിൻതുടർന്ന് വരുന്നതായും 2020-21 സാമ്പത്തിക വർഷത്തിലെ കമ്പനിയുടെ മികച്ച പ്രകടനത്തിന്റെയും കമ്പനി ലാഭം കൈവരിച്ചതിന്റെയും അടിസ്ഥാനത്തിൽ, മുൻ വർഷത്തിനേക്കാൾ കൂടിയ നിരക്കിൽ ബോണസ് / എക്സ്ഗ്രേഷ്യ അനുവദിക്കണമെന്ന് ട്രേഡ് യൂണിയനുകൾ ആവശ്യപ്പെട്ടതായും കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗത്തിന്റെ മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയം ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ബോണസ് / എക്സ്ഗ്രേഷ്യ വിതരണം ചെയ്തിട്ടുള്ളതായും സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

i. ബോണസ് നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ തൊഴിലാളികൾക്കും 2020-2021 സാമ്പത്തിക വർഷത്തിലെ ബോണസ് ആയി, അവരുടെ ശമ്പളത്തിന്റെ 8.33% നൽകുക.

ii. സ്ഥിരം ജീവനക്കാർക്ക് അവരുടെ ഹാജർ നിലയുടെ അടിസ്ഥാനത്തിൽ 12,500/-രൂപ എക്സ്ഗ്രേഷ്യയായി അനുവദിക്കുക.

iii. ബോണസ് ആക്ടിന്റെ പരിധിയിൽ വരാത്ത ജീവനക്കാർക്ക് സർക്കാർ പ്രഖ്യാപിച്ച തുക പ്രത്യേക ഉത്സവ ബത്തയായി അനുവദിക്കുക.

3) സ്ഥിരം ജീവനക്കാർക്ക് ആർക്കും തന്നെ ബോണസിന് അർഹത ഇല്ലാത്തതിനാൽ ബോണസ് തുകയായ 7000 രൂപ കമ്പനിയിലെ ജീവനക്കാർക്ക് വിതരണം ചെയ്തിട്ടില്ല. എന്നാൽ കമ്പനിയിലെ സ്ഥിരം ജീവനക്കാർക്ക് ഉൽസവബത്തയായി 2750 രൂപ വീതവും എക്സ്ഗ്രേഷ്യയായി 12500 രൂപ വീതവും വിതരണം ചെയ്തിട്ടുണ്ട്. അതിനാൽ കമ്പനിയിലെ സ്ഥിരം ജീവനക്കാർക്ക് ഉത്സവബത്തക്കു പുറമേ എക്സ്ഗ്രേഷ്യയായി 12500 രൂപ വീതം വിതരണം ചെയ്ത നടപടി സാധൂകരിക്കണമെന്ന് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

4) 23.05.2022 ൽ ചേർന്ന കമ്പനിയുടെ 208-ാമത് ഡയറക്ടർ ബോർഡ് യോഗം മാനേജ്മെന്റിന്റെ നടപടി അംഗീകരിക്കുകയും ആയത് സാധൂകരിക്കുന്നതിന് സർക്കാരിനെ സമീപിക്കുവാൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിലെ ജീവനക്കാർക്ക് എക്സ്ഗ്രേഷ്യ വിതരണം ചെയ്ത നടപടി സാധൂകരിക്കണമെന്ന് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയും ചെയ്തു.

5) ഈ വിഷയത്തിൽ തൊഴിൽ വകുപ്പിന്റെ അഭിപ്രായം ആരായുകയും ആ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ബോണസ് ഗൈഡ്‌ലൈൻസിലെ (05/08/2021-ലെ സ.ഉ.(അച്ചടി) നം.61/2021/തൊഴിൽ) മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ബോണസും മറ്റു ആനുകൂല്യങ്ങളും നല്കിയതെങ്കിൽ പ്രസ്തുത നടപടിയോട് വകുപ്പ് യോജിക്കുന്നില്ല."

6) ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ആ വകുപ്പ് ഇപ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"Administrative Department is informed that proposals pertaining to the disbursal of exgratia/ bonus/PCMA needs the final decision /remarks of Labour Department and may be forwarded to Finance Department only if any financial implications are involved."

7) എക്സ്ഗ്രേഷ്യ തുക നേരത്തെ നൽകി കഴിഞ്ഞതിനാലും ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിയാനമുള്ളതിനാലും സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്.

8) ഇക്കാര്യത്തിൽ തീരുമാനത്തിനായി ഫയൽ ബഹു. വ്യവസായ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ, ഈ വിഷയം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

## തീരുമാനിക്കേണ്ട കാര്യം

തൊഴിൽ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-21 സാമ്പത്തിക വർഷത്തിലെ എക്സ്ഗ്രേഷ്യയായി 12,500/-രൂപ (പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) വീതം വിതരണം ചെയ്ത സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ നടപടി തൊഴിലും നൈപുണ്യവും വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തെ മറികടന്നുകൊണ്ട് സാധൂകരിക്കാമോ?

14/3/23

14/3/2023

14/3/23

14/3/23

14/3/23

14/3/23